# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/187/2018 2018 സെപ്റ്റംബർ 03

## പത്രക്കുറിപ്പ്

**ബി.പി.എഡ്./ബി.എൽ.ഐ.എസ്.സി. : എസ്.സി./എസ്.ടി. ഒന്നാം പ്രത്യേക അലോട്ട്മെന്റ് നാളെ**

ഏകജാലകം വഴിയുള്ള ബി.പി.എഡ്./ബി.എൽ.ഐ.എസ്.സി. പ്രോഗ്രാമിൽ എസ്.സി./എസ്.ടി. പ്രത്യേക അലോട്ട്മെന്റ് നാളെ (ആഗസ്റ്റ് 5) നടത്തും. 5നും 6നും ഒന്നാം പ്രത്യേക അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനായി ഫീസടച്ച് കോളേജിൽ റിപ്പോർട്ട് ചെയ്യണം. എസ്.സി./എസ്.ടി. രണ്ടാം പ്രത്യേക അലോട്ട്മെന്റിന് ഓൺലൈൻ രജിസ്ട്രേഷൻ 7ന് നടക്കും. അതിന്റെ അലോട്ട്മെന്റ് 10ന് പ്രസിദ്ധീകരിക്കും. 10, 11 തീയതികളിൽ ഫീസടച്ച് കോളേജിൽ ചേരണം. സപ്ലിമെന്ററി അലോട്ട് മെന്റിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 12 മുതൽ 13 വരെ നടത്തും. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് 15ന് പ്രസിദ്ധപ്പെടുത്തും. 15 മുതൽ 17 വരെ ഫീസടച്ച് കോളേജിൽ പ്രവേശനം നേടണം. സ്പെഷ്യൽ അലോട്ട്മെന്റിൽ ഓപ്ഷൻ പുനഃക്രമീകരണം 18ന് നടത്താവുന്നതാണ്. രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റ് 22ന് പ്രസിദ്ധപ്പെടുത്തും. 22 മുതൽ 24 വരെ ഓൺലൈനായി ഫീസടച്ച് കോളേജിൽ പ്രവേശനം നേടാവുന്നതാണ്.

**യു.ജി. ഏകജാലകം: അന്തിമ അലോട്ട്മെന്റിന് ഇന്ന് 4 മണി വരെ അപേക്ഷിക്കാം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ യു.ജി. കോഴ്സുകളിൽ ഏകജാലകം വഴിയുള്ള പ്രവേശനത്തിനുള്ള അന്തിമ അലോട്ട്മെന്റിന് ഇന്ന് (ആഗസ്റ്റ് 4) മണിവരെ അപേക്ഷിക്കാം. ഒന്നാം ഫൈനൽ അലോട്ട്മെന്റ് 7നും രണ്ടാം ഫൈനൽ അലോട്ട് മെന്റ് 11നും, മൂന്നാം ഫൈനൽ അലോട്ട്മെന്റ് 13നും, നാലാം ഫൈനൽ അലോട്ട്മെന്റ് 15നും പ്രസിദ്ധപ്പെടുത്തും.

**അപേക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.പി.എഡ്. (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബർ 24 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 7 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ എം.പി.എഡ്. (2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബർ 18 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 7 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. നാലാം സെമസ്റ്റർ എം.പി.എഡ്. റഗുലർ വിദ്യാർത്ഥികൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 125 രൂപയും അടയ്ക്കണം.

**സംവരണ സീറ്റൊഴിവ്**

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എം.എ. ആന്ത്രോപോളജിക്ക് എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ രേഖകളുമായി സെപ്റ്റംബർ 5ന് വൈകീട്ട് 5 മണിക്ക് മുമ്പായി വകുപ്പ് മേധാവിക്ക് മുമ്പിൽ ഹാജരാകണം.

**പരീക്ഷാഫലം**

2018 മെയ് മാസത്തിൽ നടത്തിയ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ നാലാം സെമസ്റ്റർ റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 15 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 14 വരെ അപേക്ഷിക്കാം.

2018 ജനുവരയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 15 വരെ അപേക്ഷിക്കാം.

**യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷാ പരിശീലനം**

മാനവിക വിഷയങ്ങൾക്കുള്ള യു.ജി.സി. - നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കുന്നു. യൂണിവേഴ്സിറ്റി കാമ്പസിൽ വച്ച് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**